**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരം ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | (എ) | പൊതുവിതരണ വകുപ്പ് വഴിയുള്ള പദ്ധതികൾ എല്ലാം തന്നെ സംസ്ഥാന തലത്തിലാണ് നടപ്പാക്കി വരുന്നത്. സംസ്ഥാന തലത്തിൽ ദേശീയ ഭക്ഷ്യഭദ്രത നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കിയ എല്ലാ പ്രവർത്തനങ്ങളും ഇരിക്കൂർ മണ്ഡലത്തിലും നടപ്പാക്കിയിട്ടുണ്ട്. ഇരിക്കൂർ നിയോജക മണ്ഡലത്തിലെ ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിൽപ്പെട്ട ചെമ്പന്തൊട്ടിയിൽ 2016-21 കാലയളവിൽ സപ്ലൈകോ പുതിയ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. കൂടാതെ,നിലവിലുള്ള നടുവിൽ മാവേലി സ്റ്റോർ ഇക്കാലയളവിൽ സൂപ്പർ മാർക്കറ്റായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ? | (ബി) | മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് 5,30,363/- രൂപ അനുവദിക്കുകയും പ്രവർത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ